**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6318** **20-03-2023 - ൽ മറുപടിയ്ക്ക്**

**എങ്കക്കാട് ഐ. ടി. സി. യിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എങ്കക്കാട് ഐ.ടി.സി. യിൽ പുതുതലമുറ ഉൾപ്പെടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ റ്റി ഐകളിൽ കാലോചിതമായ പുതിയ കോഴ്സുകൾ ആരംഭിയ്ക്കുന്നതിനും അതോടൊപ്പം നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകളിലെ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും നിലവിലെ റഗുലർ പരിശീലനത്തോടൊപ്പം ഹ്രസ്വകാല കോഴ്സുകൾ (Add on courses) ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.<br><br>അതിന്റെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിൽ പ്രവർത്തിയ്ക്കുന്ന എങ്കക്കാട് ഐ റ്റി ഐയിൽ നിലവിൽ പരിശീലനം നല്കി വരുന്ന സർവ്വെയർ എന്ന ദ്വിവത്സര ട്രേഡിനോടൊപ്പം ആർക്കിടെക്ച്വറൽ ഡ്രാഫ്റ്റ്സ്മാൻ എന്ന ദ്വിവത്സര ട്രേഡും Add on course ആയി GPS Survey, Total station survey, Autocad എന്നീ കോഴ്സുകളും കൂടി ആരംഭിയ്ക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (ബി) | ഇല്ലായെങ്കിൽ ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ